# താലൂക്ക് ആസ്ഥാന ആശുപത്രി, വടക്കൻ പറവൂർ

ഫോൺ നം. 0484 2442365

ഇ-മെയിൽ - thqhnparur@yahoo.co.in


ഭരണഭാഷ - മാതൃഭാഷ

നമ്പർ ബി 2- M 1310/2026

തീയതി 21.02.2026

## ക്വട്ടേഷൻ നോട്ടീസ്

പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജെ.എസ്.എസ്.കെ./ആർ.ബി.എസ്.കെ/എ.കെ. സ്കീമിൽപ്പെട്ട രോഗികൾക്ക് സൗജന്യമായി സ്കാനിംഗ് പരിശോധനകൾ നടത്തുന്നതിന് 01.04.2026 മുതൽ 31.03.2027 വരെ നിബന്ധനകൾക്കനുസൃതമായി മുദ്രവെച്ച കവറിൽ ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ക്വട്ടേഷൻ നൽകുന്ന കവറുകളുടെ മുകൾ ഭാഗത്തായി "ജെ.എസ്.എസ്.കെ./ ആർ.ബി.എസ്.കെ/എ.കെ. സ്കീമിൽ സ്കാനിംഗ് പരിശോധന ക്കുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.

**നിബന്ധനകൾ**

1. സ്കാനിംഗിന്റെ പേര് രേഖപ്പെടുത്തിയ കുറിപ്പുകളിൽ ജെ.എസ്.എസ്.കെ./ ആർ.ബി.എസ്.കെ/എ.കെ. സീലോടും ആശുപത്രി ലാബിൽ നിന്നും നോട്ട് അവയിലബിൾ സീലോടും കൂടി ഹാജരാക്കുന്ന രോഗികൾക്ക് സൗജന്യമായി സ്കാനിംഗ് നടത്തി റിപ്പോർട്ടുകൾ നൽകേണ്ടതാണ്. കുറിപ്പിൽ രോഗിയുടേയും ചികിത്സിക്കുന്ന ഡോക്ടറുടേയും പേരും ഐ.പി. നമ്പർ, തീയതി എന്നിവയും രേഖപ്പെടുത്തിയിരിക്കണം.
2. സ്കാനിംഗിന്റെ അസ്സൽ ബില്ലുകളും (ബില്ലുകളിൽ രോഗിയുടെ പേര്, ഡോക്ടറുടെ പേര്, തീയതി, സമയം എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം) രോഗികൾ ഹാജരാക്കുന്ന ജെ.എസ്.എസ്.കെ./ ആർ.ബി.എസ്.കെ/എ.കെ. സീലോട് കൂടിയ കുറിപ്പടികളും ഒരുമിച്ച് പിൻചെയ്ത് ഒരു സ്റ്റേറ്റ്മെന്റോടു കൂടി എല്ലാ മാസത്തേയും 5-ാമത്തെ പ്രവർത്തി ദിവസത്തിന് മുൻപ് ഓഫീസിൽ നൽകേണ്ടതാണ്. ടി സ്റ്റേറ്റ്മെന്റ് എക്സൽ ഫോർമാറ്റിൽ prothqhparavoor@gmail.com എന്ന വിലാസത്തിൽ അന്നേ ദിവസം തന്നെ മെയിൽ അയയ്ക്കേണ്ടതുമാണ്.
3. ഓരോ സ്കാനിംഗിന്റേയും ബിൽ തുകയിൽ എത്ര ശതമാനം കിഴിവ് നൽകണമെന്ന് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.
4. ബില്ലിനോടൊപ്പം സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റിൽ ഓരോ സ്കാനിംഗിന്റെയും യഥാർത്ഥ വിലയും ഡിസ്കൗണ്ട് കിഴിച്ചിട്ടുള്ള തുകയും തരംതിരിച്ച് കാണിക്കേണ്ടതാണ്.
5. ക്വട്ടേഷൻ സമർപ്പിക്കുന്ന സ്കാനിംഗിന്റെ ക്വട്ടേഷനോടുകൂടെ ലൈസൻസിന്റെ കോപ്പിയും സ്കാനിംഗിന്റെ ഗുണ നിലവാരം ഉറപ്പാക്കുന്നതിനുവേണ്ടി അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പിയും വെയ്ക്കേണ്ടതാണ്.
6. ആശുപത്രിയിലെ സ്കാനിംഗിന്റെ പ്രവർത്തന സമയങ്ങളിൽ സ്കാനിംഗ് സെന്ററിൽ നിന്നും നോട്ട് അവൈലബിൾ സർട്ടിഫിക്കറ്റ് എഴുതിയ ടെസ്റ്റുകൾ മാത്രമെ ചെയ്യാൻ പാടുള്ളു. അല്ലാത്ത സമയങ്ങളിൽ എമർജൻസിയെന്ന് മെഡിക്കൽ ഓഫീസറോ, വാർഡ് സിസ്റ്ററോ രേഖപ്പെടുത്തിയ കുറിപ്പുള്ളവർക്കേ ടെസ്റ്റുകൾ നടത്താവൂ.
7. സ്കാനിംഗിന്റെ ഗുണനിലവാരവും റിപ്പോർട്ടുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടുകൾ നേരിടുന്ന പക്ഷം ബന്ധപ്പെട്ട സ്ഥാപനമായുള്ള കരാർ റദ്ദാക്കുന്നതിനുള്ള അധികാരം സൂപ്രണ്ടിന് ഉണ്ടായിരിക്കുന്നതാണ്.